# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1340 — 31/10/2019-ൽ മറുപടിക്ക്

## ഒറ്റ ഡയറക്ടറേറ്റിനുകീഴിൽ പന്ത്രണ്ടാം ക്ലാസ്സുവരെ വിദ്യാഭ്യാസം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഡി.കെ. മുരളി** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം ഒരു ഡയറക്ടറേറ്റിന് കീഴിലാക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 31.05.2019 ലെ സ.ഉ.(കൈ) നം.53/2019/പൊ.വി.വ പ്രകാരം ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ മൂന്നു ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനത്തിന് കീഴിൽ രൂപീകരിക്കുകയും സ.ഉ.(സാധാ)നം.3139/2019/പൊ.വി.വ തീയതി. 01.06.2019 പ്രകാരം ശ്രീ. ജീവൻ ബാബു.കെ, ഐ.എ.എസ്-നെ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ആയി നിയമിക്കുകയും ചെയ്തു. പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർ തസ്തിക വൈസ് പ്രിൻസിപ്പൽ എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്.<br><br>നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടർന്ന് വരുന്നു. ഉപജില്ല, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകൾ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, റീജണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവ തൽസ്ഥിതിയിൽ തന്നെ തുടരുന്നു. എല്ലാ ഓഫീസുകളും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധീനതയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത സംവിധാനം പൂർണ്ണതയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടം, വിവിധ വിശേഷാൽ ചട്ടങ്ങൾ. വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**